സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം - 695 003.

**ശബരിമല 1201 എം.ഇ. (2025-2026) മണ്ഡലം മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് എരുമേലി ദേവസ്വത്തിലെ അടിയന്തിരങ്ങളോടനുബന്ധിച്ച് വഴിപാട് പ്രസാദങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതിനുമുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ / സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല 1201-ാം മാണ്ടത്തെ (2025-2026) മണ്ഡലം - മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങളോടുനബന്ധിച്ച് എരുമേലി ദേവസ്വത്തിലേയ്ക്ക് വിശദ പരസ്യത്തിൽ പറയുന്ന ഐറ്റങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്/പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ്/ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും ചുവടെ ചേർത്തിട്ടുള്ള പൊതു നിബന്ധനകൾക്കും, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേണ്ടത്.

## പൊതു നിബന്ധനകൾ

1. ടെൻഡർ നിബന്ധനകൾക്കൊപ്പം ടെന്റർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.orgഎന്ന വെബ്സൈറ്റിൽ നല്കിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https:/etenderes.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വാട്ട് ചെയ്ത തുക നിയമാനുസൃതം ക്വാട്ട് ചെയ്ത് ഓൺലൈനായി അയയ്ക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ടുമെൻറ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (ആധാർ സ്കാൻഡ് കോപ്പി, മൊബൈൽ നമ്പർ ഉൾപ്പെടെ) ചേർത്തിരിക്കണം. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർക്ക് FSSAI ലൈസൻസ് (ഭക്ഷ്യ വസ്തുക്കൾക്ക്), ജി.എസ്.ടി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ടെന്ററിനൊപ്പം സമർപ്പിക്കേണ്ടതാണ്. അപ്പം തയ്യാറാക്കുന്ന ടെന്ററിൽ പങ്കെടുക്കുന്ന കരാറുകാർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവ ടെന്ററിനൊപ്പം ഹാജരാക്കേണ്ടതാണ്. മുൻ കുടിശ്ശികക്കാരെയും ബ്ലാക്ക് ലിസ്റ്റ്

ചെയ്തവരെയും യാതൊരു കാരണവശാലും ടെന്ററിലോ, ലേലത്തിലോ പങ്കെടുപ്പിക്കുന്നതല്ല.

2. ടെന്ററിൽ പങ്കെടുക്കുന്നവർ 500/-(അഞ്ഞൂറ്) രൂപ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. ഓരോ ഐറ്റത്തിനും നേരെ അതാത് ഐറ്റത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ടി തുക കാലാവധിക്കു ശേഷം മറ്റാക്ഷേപം/ബാധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചു നൽകുകയുള്ളു. നിരതദ്രവ്യം കുത്തക ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓരോ ഇനത്തിന്റേയും ടെന്ററുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെന്റർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായി തന്നെ അവരുടെ അക്കൗണ്ടിൽ ലഭിക്കുന്നതാണ്.

3. ടെന്ററുകൾ.17../.11../2025 തീയതി പകൽ 11....മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.

4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഇനങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ടെന്ററിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ജി.എസ്.റ്റി-യും ഉൾപ്പെടെയുള്ളതായിരിക്കണം.

6. എരുമേലി ദേവസ്വത്തിൽ സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്.

7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.

9. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിനുള്ള തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്.

10. ടെന്റർ അംഗീകരിച്ചതു സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷംവരെ ആയിരിക്കണം. അറിയിപ്പു കിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട്ചെയ്തിട്ടുള്ള ടെന്ററുകാരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാകഷ്ട നഷ്ങ്ങൾക്കും വീഴ്ച വരുത്തിയ ടെന്ററുകാരൻ മാത്രം പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. സപ്ലൈ സാധനത്തിൽ പാളയംതോടൻ പഴം/കദളിപ്പഴം/പൂവൻപഴം എന്നിവയുടെ ആകെ വിലയുടെ 10% വരുന്ന തുക ക്യാഷോ, ബാങ്ക് ഗ്യാരന്റിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ടെന്ററുകാരന്റെ സെക്യൂരിറ്റി ആയി ഹാജരാക്കേണ്ടതാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി മറ്റുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാര അവകാശമുണ്ടായിരിക്കുന്നതാണ്.

14. കുത്തകക്കാർക്ക്/ടെന്ററുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

15. കുത്തക/ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

16. കുത്തക/ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

17. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പലിശകൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴ്ചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കിതുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും. അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. **വഴിപാട് പ്രസാദം തയ്യാറാക്കുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്ന കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഹെൽത്ത്കാർഡ് എന്നിവ നിർബന്ധമായും കൈവശം സൂക്ഷിച്ചിരിക്കേണ്ടതാണ്.**

19. വഴിപാട് പ്രസാദം തയ്യാറാക്കുന്നതിന് ടെന്റർ സമർപ്പിക്കുന്നവർക്ക് കൂട്ട് ഒന്നിന് എന്ന ക്രമം തുക ക്വോട്ട് ചെയ്യേണ്ടതാണ്.

20. വഴിപാടുകൾ നടത്തുന്നതിലേക്ക് ആവശ്യമായ സാധനങ്ങളുടെ (പാളയൻതോടൻ പഴം/കദളിപ്പഴം/പൂവൻ പഴം, നാളികേരം എന്നിവ ഒഴികെ) സാമ്പിൾ ഒരു കിലോഗ്രാം വീതം (250 ഗ്രാം വീതമുള്ള നാല് പാക്കറ്റുകളിലായി) ഹാജരാക്കേണ്ടതാണ്.

## സ്പെഷ്യൽ നിബന്ധനകൾ

### 1. സാധനങ്ങളുടെ സപ്ലൈകുത്തക

വഴിപാടുകൾ നടത്തുന്നതിലേക്ക് ആവശ്യമായ സാധനങ്ങളുടെ അളവും, തൂക്കവും, എണ്ണവും ചുവടെ ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഐറ്റങ്ങൾ സപ്ലൈ ചെയ്യിക്കാതിരിക്കാനോ, അളവ്/എണ്ണം കുറയ്ക്കുന്നതിനും, ആവശ്യമായി

വന്നാൽ കൂടുതലായി അവ സപ്ലൈ ചെയ്യണമെന്ന് കോൺട്രാക്ടറോട് നിർദ്ദേശിക്കുന്നതിനും ദേവസ്വം ബോർഡിന് അധികാര അവകാശമുണ്ടായിരിക്കുന്നതും, അതനുസരിച്ച് പ്രവർത്തിക്കുന്നതിന് കോൺട്രാക്ടർ/ടെന്റർകാരൻ ബാദ്ധ്യസ്ഥനുമാണ്. ISO സർട്ടിഫിക്കറ്റ് ഉള്ള കമ്പനികളുടെയും FSSAI ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതും സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തത്തുല്യമോ അതിലുപരിയോ ആയിരിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ/ടെന്ററുകാരൻ ഹാജരാക്കുകയും, ഒഴിച്ചുകൂടാൻ പറ്റാത്ത പരിതഃസ്ഥിതിയിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് സാധനങ്ങൾ വാങ്ങി സംഭരിക്കുന്നതിനും, അതിൽവച്ച് ദേവസ്വം ബോർഡിന് നഷ്ടം ഉണ്ടായാൽ, നഷ്ടം കുത്തക/ടെന്ററുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ അതിനവകാശമില്ലാത്തതുമാകുന്നു.

## 2. അപ്പംതയ്യാറാക്കൽ

10-11-2025 മുതൽ 31-10-2026 വരെയുള്ള കാലയളവിൽ എരുമേലി ദേവസ്വത്തിലെ വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 10 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം. :

1. 10-11-2025 മുതൽ 31-10-2026 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം - മകരവിളക്ക്, മേടവിഷു, മാസപൂജ വിശേഷാൽ പൂജകൾ എന്നിവയോടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും എരുമേലി ദേവസ്വം വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 10 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ചുമതലക്കാരനെ ഏൽപ്പിക്കേണ്ടതുമാണ്.
2. ഒരു കൂട്ട് അപ്പത്തിന് 50 കിലോഗ്രാം അരിപ്പൊടി, 20 കിലോഗ്രാം ശർക്കര, 500ഗ്രാം ചുക്കുപൊടി, 200 ഗ്രാം ജീരകപ്പൊടി, 12ലിറ്റർ വെളിച്ചെണ്ണ, 12 എണ്ണം പാളയൻതോടൻ പഴം (ആയത് ലഭ്യമല്ലെങ്കിൽ കദളിപ്പഴം/പൂവൻപഴം ഉപയോഗിക്കാം) എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അപ്പം തയ്യാറാക്കുകയും ആയത് തണുത്ത ശേഷം ബട്ടർ പേപ്പർ കവറിൽ പായ്ക്ക് ചെയ്തു നൽകേണ്ടതാണ്.
3. മണ്ഡലം - മകരവിളക്ക് കാലയളവിൽ അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ഗ്യാസ് അടപ്പുകളും, ആയത് പ്രവർത്തിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റിൽ നിന്ന് നൽകുന്നതാണ്.
4. അപ്പം തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുണ്ടെന്നും, പായ്ക്കിംഗിനായി ഏറ്റുവാങ്ങുന്ന ബട്ടർപേപ്പർ ബാഗുകൾ നഷ്ടപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും, പായ്ക്കിംഗ് വേളകളിൽ പൊട്ടിപോകാതെയും കൈകാര്യം ചെയ്യേണ്ടുന്ന ബാദ്ധ്യത കാരാറുകാരനുള്ളതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമുണ്ടായാൽ ആയതിന്റെ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.
5. അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ടി. ചേരുവകകളും, പായ്ക്കിംഗിന് ആവശ്യമായ ബട്ടർ പേപ്പർ ബാഗുകളും ഡിപ്പാർട്ടുമെന്റിൽ നിന്നും യഥാ സ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ടതുമാണ്. എന്നാൽ എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകളും

ബട്ടർ പേപ്പർ ബാഗുകളും എത്തിക്കുന്നതിന് കയറ്റി ഇറക്കു ജോലികൾക്കും മില്ലിൽ
നിന്നും അപ്പം നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊണ്ടുപോകുന്നതിനും മറ്റും
കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തിതന്നെ ആൾക്കാരെ നിയോഗിക്കേണ്ടതാണ്.

6. എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറൊ, ടിയാൻ അധികാരപ്പെടു
ത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി
എരുമേലിയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതി
പാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 4600 അപ്പം ലഭിക്കത്തക്ക വിധം വലിപ്പ
ത്തിൽ അപ്പം തയ്യാറാക്കേണ്ടതും, 10 എണ്ണം വീതം ഓരോ കവറിൽ നിറച്ച് 460
പായ്ക്കറ്റ് അപ്പം എന്ന ക്രമത്തിൽ വിതരണത്തിനു സജ്ജമാക്കി സ്പെഷ്യലാഫീ
സറെ ഏൽപ്പിക്കേണ്ടതുമാണ്. 4600 എണ്ണത്തിൽ കൂടുതലായി ലഭിക്കുന്ന അപ്പവും
സ്പെഷ്യലാഫീസറെ ഏൽപിക്കേണ്ടതാണ്.

7. കരാർ ഏറ്റെടുക്കുന്ന ആളോ, ടിയാൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അപ്പം തയ്യാറാക്കുന്ന
അവസരങ്ങളിൽ എരുമേലി ദേവസ്വത്തിൽ സന്നിഹിതനായിരിക്കണം.

8. ശബരിമല നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി പായ്ക്ക് ചെയ്ത് ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

9. അപ്പംതയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 2 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിക്കണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുള്ള ഭക്ഷണവും, ലഭ്യമായ താമസസൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

ചുവടെവിവരിക്കുന്ന ക്രമം ജീവനക്കാരെ ഗ്യാസ് കാരകളിൽ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ കുത്തകക്കാരൻ നിയോഗിക്കേണ്ടതാണ്.

| കാലയളവ് | ഇനം | കുത്തകക്കാരൻ നിയോഗിക്കേണ്ട ജീവനക്കാരുടെഎണ്ണം |
|---|---|---|
| മണ്ഡലം-മകരവിളക്ക് | | |
| | ഗ്യാസ് (3എണ്ണം) | |
| | | 6 |
| മേടവിഷുഗ്യാസ്( എണ്ണം) | | 3 |
| മറ്റ്മാസപൂജകൾ, മറ്റ് നട തുറക്കുന്ന വിശേഷങ്ങൾ (ഗ്യാസ്കാരകൾ) | | 3 |

ക്ലീനിംഗിനും, മാവ് കുഴക്കുന്നതിനും, പായ്ക്കിംഗിനും ആവശ്യമായ ആൾക്കാരെയും കരാറുകാരൻ നിയോഗിക്കേണ്ടതാണ്

11. 09-11-2025-നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അപ്പം തയ്യാർ ചെയ്യുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അപ്പം ശേഖരിക്കേണ്ട മേശകൾ, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട്വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയും മറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്കപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന 'ക്ലീനിങ്ങ്സർട്ടിഫിക്കറ്റ്' മുണ്ടക്കയം അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ നിന്നോ, എരുമേലി അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നിന്നോ വാങ്ങിച്ച് ഹാജരാക്കിയതിന്

ശേഷം മാത്രമെ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ യൂണിറ്റിലേക്ക് എത്തിച്ച് തരുകയുള്ളു. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് കാണിച്ച് ബോദ്ധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിങ്ങ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത് പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീ കരിച്ച് നൽകുകയുള്ളു.

12. അപ്പം പ്ലാന്റിലും, പായ്ക്കിംഗ് ഏരിയായിലും ജോലി നോക്കുന്ന ജോലിക്കാർ കൃത്യനി ഷ്ഠയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈകളിൽ കൈയ്യുറയും ധരിക്കേണ്ടതുമാണ്.

13. അപ്പം പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസരപ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരു വിധ ലഹരി പദാർത്ഥ ങ്ങളും ആരും തന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യം ഉറപ്പുവരു ത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

14. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, ഹെൽത്ത്കാർഡ് എന്നിവ കരാറുകാരൻ ഹാജരാക്കേണ്ടതാണ്.

15. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റികാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വസികളും, ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവർ ആയിരിക്കേണ്ടതും ടി ആളുകളുടെ വിശദവിവരം മുൻകൂട്ടി പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

16. **ടെന്ററിനൊടൊപ്പം ദേവസ്വം കമ്മീഷണറുടെ പേരിൽ ചുവടെ വിവരിക്കുന്ന പ്രകാരമുള്ള തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതും ടെന്റർ ലഭിക്കുന്ന പക്ഷം ചുവടെ വിവരിക്കുന്ന ക്രമത്തിൽ സെക്യൂരിറ്റി തുകയും ഹാജരാക്കേണ്ടതു മാണ്.**

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം - മകരവിളക്ക് :ഗ്യാസ് ,<br>മേടവിഷു, മാസപൂജ, മറ്റ്ദിവസങ്ങൾ : ഗ്യാസ് | 10,000 | 25,000 |

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ എരുമേലിയിൽ എത്തിച്ചേർന്നു കഴി ഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തര

ത്തിൽ കരാറുകാരന്റെ വീഴ്ചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്ന പക്ഷം ബാക്കിതുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും. അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്ന പക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡിന്റെ തീരുമാനംഅന്തിമമായിരിക്കും.

20. അപ്പം തയ്യാറാക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും പ്രപ്തിയുള്ളവരെ മാത്രം കരാറുകാരൻ നിയോഗിക്കേണ്ടതാണ്. കൂടാതെ തൊഴിലാളികൾ ടി പ്രവർത്തികളിൽ മുൻപരിചയമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് ടെന്ററുകാരന് പ്രാപ്തിയുണ്ടെന്ന് ബോദ്ധ്യപ്പെടാത്ത പക്ഷം പ്രസ്തുത ടെൻഡർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. അപ്പം തയ്യാർ ചെയ്യുന്നതിലെ അപാകത മൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് ഉണ്ടാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻ കരാറുകാരൻ ബാധ്യസ്ഥനുമാണ്.

22.എരുമേലിയിൽ ദേവസ്വത്തിലെ ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും കുത്തക അവകാശം അനുവദിക്കുന്നത്. ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്ട് അസാധുവാകുന്നതാണ്. ഇതിന്മേൽ കുത്തകക്കാരന് മറ്റ് തടസ്സവാദങ്ങൾ ഉന്നിയിക്കുന്നതിനോ, വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിനോ യാതൊരു അവകാശവും ഇല്ലാത്തതാണ്.

## 2. അരവണ തയ്യാറാക്കൽ

10-11-2025 മുതൽ 31-10-2026 വരെയുള്ള കാലയളവിൽ എരുമേലി ദേവസ്വത്തിലെ വഴിപാട് പ്രസാദമായ അരവണ തയ്യാറാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം. :

1. 10-11-2025 മുതൽ 31-10-2026 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം - മകരവിളക്ക്, മേടവിഷു, മാസപൂജ, വിശേഷാൽ പൂജകൾ എന്നിവയോടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും എരുമേലി ദേവസ്വം വഴിപാട് പ്രസാദമായ അരവണ തയ്യാറാക്കി 1080×250ml. എണ്ണം ലഭിക്കുന്നതിനുള്ള അളവിൽ തയ്യാറാക്കി ചുമതലക്കാരനെ ഏൽപ്പിക്കേണ്ടതുമാണ്.

2. ഒരു കൂട്ട് അരവണയ്ക്ക് 40 കിലോഗ്രാം ഉണക്കലരി, 200 കിലോഗ്രാം ശർക്കര, 8കിലോഗ്രാം നെയ്യ്, 300ഗ്രാം ഏലയ്ക്കാപൊടി, 1കിലോഗ്രാം (നെയ്യിൽ വറുത്ത)

മുന്തിരി, 2കിലോഗ്രാം കൽക്കണ്ടം, 390ഗ്രാം ചുക്കുപൊടി, 300 ഗ്രാം ജീരകപ്പൊടി, 10 നാളികേരം (നെയ്യിൽ വറുത്തത്) എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അരവണ തയ്യാറാക്കി നൽകേണ്ടതാണ്.

3. മണ്ഡലം-മകരവിളക്ക് കാലയളവിൽ അരവണ തയ്യാറാക്കുന്നതിന് ആവശ്യമായ ഗ്യാസ് അടുപ്പുകളും ആയത് പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്നതാണ്.

4. അരവണ തയ്യാറാക്കുന്നതിന് ഏറ്റു വാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുണ്ടെന്നും നിശ്ചിത അളവിൽ തയ്യാർ ചെയ്ത് നൽകേണ്ട ബാധ്യത കരാറുകാരന് ഉള്ളതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമുണ്ടായാൽ ആയതിന്റെ ബാധ്യത കരാറുകാരനായിരിക്കും.

5. അരവണ തയ്യാറാക്കുന്നതിന് ആവശ്യമായ ടി ചേരുവകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ടതുമാണ്. എന്നാൽ എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകൾ എത്തിക്കുന്നതിനും, കയറ്റിറക്ക് ജോലികൾക്കും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേണ്ടതാണ്.

6. എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസറോ ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി എരുമേലിയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 250ml. അളവിൽ 1080 കണ്ടെയ്നർ അരവണ ലഭിക്കത്തക്ക വിധം അരവണ തയ്യാറാക്കേണ്ടതും, 1080 ക്യാനുകളിൽ നിറയ്ക്കുന്നതിന് ആവശ്യമായ അളവിൽ കുടുതൽ അരവണ ലഭിക്കുന്ന പക്ഷം ആയത് ചുമതലക്കാരനെ ഏൽപ്പിക്കേണ്ടതുമാണ്.

7. കരാർ ഏറ്റെടുക്കുന്ന ആളോ, ടിയാൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അരവണ തയ്യാറാക്കുന്ന അവസരങ്ങളിൽ എരുമേലി ദേവസ്വത്തിൽ സന്നിഹിതനായിരിക്കണം.

8. ശബരിമല നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അരവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

9. അരവണ തയ്യാറാക്കുന്നതിന് 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 2 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിക്കേണ്ടതും ക്ലീനിങ്ങിനും, സാധനങ്ങൾ പ്ലാന്റിൽ എത്തിക്കുന്നതിനും ആവശ്യമായ ആൾക്കാരെയും കരാറുകാരൻ നിയോഗിക്കേണ്ടതാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുള്ള ഭക്ഷണവും, ലഭ്യമായ താമസസൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

10. അരവണ തയ്യാറാക്കുന്ന ജോലികൾ മേൽ വിവരിച്ച പ്രകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ള പക്ഷം) തുടർച്ചയായി

നിർവ്വഹിക്കേണ്ടതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേണ്ടതാണ്.

11. 09-11-2025-നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അരവണ തയ്യാർ ചെയ്യുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, വാർപ്പ്, അരവണ ശേഖരിക്കേണ്ട ചെമ്പുകൾ, അരവണ തയ്യാറാക്കുന്ന പ്ലാന്റ്, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട്‌വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയും മറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം.

12. അരവണ പ്ലാന്റിൽ ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠയോടെയും വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈകളിൽ കൈയ്യുറയും ധരിക്കേണ്ടതാണ്.

13. അരവണ തയ്യാർ ചെയ്യുന്ന സ്ഥലവും പരിസര പ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരും തന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യം ഉറപ്പു വരുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

14. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, ഹെൽത്ത്കാർഡ് എന്നിവ കരാറുകാരൻ ഹാജരാക്കേണ്ടതാണ്.

15. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റികാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വാസികളും, ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവർ ആയിരിക്കേണ്ടതും ടി ആളുകളുടെ വിശദവിവരം മുൻകൂട്ടി പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

**16. ടെന്ററിനൊടൊപ്പം ദേവസ്വം കമ്മീഷണറുടെ പേരിൽ ചുവടെ വിവരിക്കുന്ന പ്രകാരമുള്ള തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതും ടെന്റർ ലഭിക്കുന്ന പക്ഷം ചുവടെ വിവരിക്കുന്ന ക്രമത്തിൽ സെക്യൂരിറ്റി തുകയും ഹാജരാക്കേണ്ടതുമാണ്.**

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം - മകരവിളക്ക് :ഗ്യാസ്, മേടവിഷു, മാസപൂജ, മറ്റ്ദിവസങ്ങൾ : ഗ്യാസ് | 50,000 | 1,00,000 |

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ എരുമേലിയിൽ എത്തിച്ചേർന്നു കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കരാറിന്റെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കരാർ പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജ

രാക്കുന്ന മുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴ്ചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്ന പക്ഷം ബാക്കിതുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും. അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകാരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്ന പക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

20. അരവണ തയ്യാറാക്കുന്നതിന് മുൻപരിചയവും പ്രാപ്തിയുമുള്ള പാചകക്കാരെ മാത്രം കരാറുകാരൻ നിയോഗിക്കേണ്ടതാണ്. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് കരാറുകാരന് പ്രാപ്തിയുണ്ടെന്ന് ബോദ്ധ്യപ്പെടാത്ത പക്ഷം പ്രസ്തുത കരാർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. അരവണ തയ്യാർ ചെയ്യുന്നതിലെ അപാകത മൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് ഉണ്ടാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻ കരാറുകാരൻ ബാധ്യസ്ഥനുമാണ്.

**കോംമ്പസിറ്റ് ക്യാനിന്റെ MATERIAL SPECIFICATION ചുവടെ ചേർക്കുന്നു.**

## 250ml COMPOSITE CANS

- The cans should be eco-friendly, cylindrical in shape with Inner diameter 63mm and outer diameter 65.4mm. The can should have a height of 90mm so that it can hold 250 ml of Aravana Prasadam on filling and seaming. The cans are to be made from laminate of craft bounded aluminum foiliner. The inner part of the Can shall be free from plastic elements and be made of food grade articles having food safety certification. The Inner portion shall be DUST & OIL FREE and be made of articles having food safety certification.

- The cans shall be suitable for packing and storing of prepared food articles like Aravana for a longer period without causing health hazards.

- The cans should be affixed with multi colour label, the inscription on which shall be as per directions given by the Travancore Devaswom Board.

- The label should be of Chrome Art Paper. The bottom of the cans should be made up of Aluminum Compound(food grade), having minimum thickness of 0.24 mm.

എരുമേലി ദേവസ്വം അപ്പം, അരവണ ഇ-ടെന്റഡർ വഴിപാട്,
വഴിപാട് സാധനങ്ങളുടെ സപ്ലൈ,
വഴിപാട് പാകപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ അളവ് സാധനങ്ങൾ
സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

പാർട്ട് -എ-1

എരുമേലി ദേവസ്വത്തിലെ വഴിപാട് പ്രസാദ നിർമ്മാണത്തിന് ആവശ്യമായ
സാധനങ്ങൾ (ഇ-ടെന്റർ)

| ക്രമ നം. | ഇനം. | ആവശ്യമായ അളവ് | ഇ.എം.ഡി | റിമാർക്സ്. |
|---|---|---|---|---|
| 01 | ഏലയ്ക്കാപൊടി | 195 കി.ഗ്രാം. | 20,000/- | |
| 02. | കോമ്പസിറ്റ് ക്യാൻ | 7,50,000 എണ്ണം | 1,25,000/- | 250 മില്ലി പേപ്പർകണ്ടെനർ ഉൾവശം പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമായിരിക്കേണ്ടതും,ഫുഡ് ഗ്രേഡ് പേപ്പർ ഉപയോഗിച്ച് നിർമ്മിച്ച് ക്യാനിൻറെ ഉൾവശം ഡസ്റ്റ് ഫ്രീ ആയിട്ടുള്ളതും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ലൈസൻസ് പ്രിൻറ് ചെയ്തിരിക്കേണ്ടതുമാകുന്നു. (പൊക്കം 8.5 സെ മീ ഡയമീറ്റർ 6.5 സെമി) |
| 03. | കാർട്ടൻ ബോക്സ് | 50,000 എണ്ണം | 10,000/- | 250 മില്ലിയുടെ 10 അരവണ ക്യാനുകൾ പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്നതിനാവശ്യമായ കാർട്ടൺ ബോക്സ് (33സെമിx 140 സെമി x 9 സെമി) |

| | |
|---|---|
| ടെൻഡറുകൾ ആരംഭിക്കുന്ന തീയതി | 04.11.2025 10.00 A.M |
| ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി | 10.11.2025 11.00 A.M |
| ടെൻഡറുകൾ തുറന്ന് പരിശോധിക്കുന്ന തീയതി | 11.11.2025 11.00 A.M |

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട